**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 10 — 30.11.2015 ൽ മറുപടിയ്ക്ക്

## സംയോജിത ജലഗതാഗത പദ്ധതി

ചോദ്യം

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
ശ്രീ. പി. ഉബൈദുള്ള
ശ്രീ.എൻ.എ.നെല്ലിക്കുന്ന്
ശ്രീ. റ്റി.എ. അഹമ്മദ് കബീർ

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജലഗതാഗതം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംയോജിത ജലഗതാഗത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി എവിടെയൊക്കെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. കൊച്ചിയുടെ ജലഗതാഗതം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൊച്ചിമെട്രോ റെയിൽ ലിമിറ്റഡ് ഒരു സമഗ്രമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുകയും സംസ്ഥാന സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തു. ഈ പദ്ധതിയിൽ കൊച്ചിനഗരവും, വടക്കു വരാപ്പുഴ, തെക്ക് കുമ്പളം, കിഴക്ക് ഇൻഫോ പാർക്ക് വരെയുള്ള 36 സ്ഥലങ്ങളെ സംയോജിപ്പിച്ച് 4 വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശ്യം. ജലഗതാഗത നവീകരണത്തോടൊപ്പം ബോട്ട് ജെട്ടി നവീകരണം, ബോട്ട് ജെട്ടിയിലേക്കുള്ള പാതകളുടെ നിർമ്മാണം, വഴി വിളക്കുകൾ സ്ഥാപിക്കൽ, ബോട്ട് ജെട്ടിയിലേക്ക് യാത്രക്കാർക്ക് എത്തുവാനുള്ള ചെറു ബസ്സുകൾ ഏർപ്പെടുത്തൽ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് 682.01 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ജർമ്മൻ ബാങ്കായ ക്രെഡിറ്റൻസ്റ്റാൾട്ട് ഫർ വെദർവബു (KFW), പദ്ധതിയുടെ 80% ചെലവ് ദീർഘകാല വായ്പയായി തരാമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് ഇന്ത്യ-ജർമ്മൻ സർക്കാരുകളുടെയും അനുമതി ആവശ്യമാണ്. |
| (ബി) | സംസ്ഥാന ജലഗതാഗത വകുപ്പിന്റെയും കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെയും പ്രവർത്തനത്തെ ഈ പദ്ധതി ഏതുവിധത്തിൽ ബാധിക്കും എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) | ഇല്ല; സംസ്ഥാന ജലഗതാഗത വകുപ്പിന്റെയും കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെയും നിലവിലുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാത്ത രീതിയിൽ സർവ്വീസുകൾ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | നിലവിലെ രണ്ടു ഏജൻസികളുടെ സർവ്വീസുകൾ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ജലയാനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ഇല്ല; സംസ്ഥാന ജലഗതാഗത വകുപ്പ് കേരളത്തിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിലായി 14 സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 51 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തു വരുന്നു. തടി ബോട്ടുകൾ മാത്രം സർവ്വീസ് നടത്തികൊണ്ടിരുന്ന സ്ഥാനത്ത് ബോട്ട് സർവ്വീസുകൾ കാര്യക്ഷമവും സുരക്ഷിതവുമാക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക രീതിയിലുള്ള സ്റ്റീൽ ബോട്ടുകൾ നിർമ്മിച്ച് വാങ്ങി ജലഗതാഗത വകുപ്പ് സർവ്വീസുകളിൽ ഉൾപ്പെടുത്തുകയുണ്ടായി. കുസാറ്റ്, കേരള തുറമുഖ വകുപ്പ് മുതലായവയിലെ സാങ്കേതിക വിദഗ്ധർ അടങ്ങുന്ന ടീമിന്റെ നേതൃത്വത്തിൽ നിർമ്മിച്ച 45 സ്റ്റീൽ ബോട്ടുകൾ പുതുതായി സർവ്വീസിൽ ഉൾപ്പെടുത്തുവാൻ ജലഗതാഗത വകുപ്പിന് സാധിച്ചിട്ടുണ്ട്. ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും ബോട്ടുകളുടെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിനുമായി ഇൻലാന്റ് നാവിഗേഷൻ മേഖലയിൽ സർക്കാർ തലത്തിൽ കേരളത്തിൽ തന്നെ ആദ്യമായി ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ 7.78 കോടി രൂപ ചെലവിൽ പുതിയ ഡ്രൈ ഡോക്കിന്റെയും 1.82 കോടി രൂപ ചെലവിൽ 4 ബോട്ടുകൾ ഒരേസമയം അറ്റകുറ്റപ്പണികൾ നടത്തുവാൻ സാധിക്കുന്ന തരത്തിലുള്ള പുതിയ സ്ലിപ്പ് വേയുടെയും നിർമ്മാണം പൂർത്തീകരിക്കുകയും ബോട്ടുകളുടെ റിപ്പയർ പണികൾ കാര്യക്ഷമമായി നടത്തിവരികയും ചെയ്യുന്നു. ബോട്ടുകളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി ജീവൻരക്ഷാ ഉപകരണങ്ങൾ ഏർപ്പെടുത്തുകയും മുഴുവൻ ജീവനക്കാർക്കും കൃത്യമായ പരിശീലനം നൽകുകയും ചെയ്തു. പൊതുജനങ്ങൾക്ക് മികച്ച രീതിയിൽ തന്നെ സേവനങ്ങൾ നൽകുന്നതിനായി ജലഗതാഗത വകുപ്പ് ആത്മാർത്ഥമായി പരിശ്രമിച്ചു വരുന്നു.<br>സംസ്ഥാന ജലഗതാഗത വകുപ്പിന്റെ എല്ലാ ജലയാനങ്ങളും കേരള ഇൻലാന്റ് വെസൽ റൂൾസ് 2010 (KIV 2010) അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ടാണ് സർവ്വീസ് നടത്തി വരുന്നത്. തുറമുഖ വകുപ്പിന്റെ കൃത്യമായ ഫിറ്റ്നെസ് |

| | | | |
|---|---|---|---|
| | | | പരിശോധനാടിസ്ഥാനത്തിൽ ലഭിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ഉള്ള ബോട്ടുകൾ മാത്രമാണ് വകുപ്പ് സർവ്വീസിന് ഉപയോഗിക്കുന്നത്. വകുപ്പുവക ബോട്ടുകളിൽ യാത്രാക്കാരുടെയും ജീവനക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി ലൈഫ്ബോയന്റ്, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിങ്ക്യൂഷർ എന്നീ സുരക്ഷാ ഉപകരണങ്ങളും എല്ലാ യാത്രക്കാർക്കും ലൈഫ് ജാക്കറ്റും സജ്ജമാക്കിയിട്ടുണ്ട്. ബോട്ടുകൾക്ക് തേർഡ് പാർട്ടി ഇൻഷുറൻസും, യാത്രാക്കാർക്കും ജീവനക്കാർക്കും ഇൻഷുറൻസ് പരിരക്ഷയും സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പുവഴി ഉറപ്പാക്കിയിട്ടുണ്ട്. കാലപ്പഴക്കം ചെന്ന തടി ബോട്ടുകൾ ആധുനിക രീതിയിലുള്ള സ്റ്റീൽ ബോട്ടുകൾ ഉപയോഗിച്ച് നവീകരിക്കുകയും സുരക്ഷ ഉറപ്പ് വരുത്തുകയും ചെയ്തു വരുന്നു. അടിയന്തിര സാഹചര്യങ്ങളെ നേരിടുവാൻ ജീവനക്കാർക്ക് പ്രത്യേക പരശീലനം നല്കുകയും ആശയ വിനിമയത്തിനായി ബോട്ടുകളിൽ സി.യു.ജി സംവിധാനവും ജലഗതാഗത വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.<br>കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ കീഴിലുള്ള ജലയാനങ്ങളുടെ രജിസ്ട്രേഷൻ സമയാസമയം പുതുക്കുക, സർവേകൾ നടത്തുക, ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങൾ ജലയാനങ്ങളിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തുക തുടങ്ങിയ സുരക്ഷാ നടപടികൾ എല്ലാം തന്നെ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ